**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2458** **15-10-2024 - ൽ മറുപടിയ്ക്ക്**

**ഓട്ടോമോട്ടീവ് ടെക്നോളജി ഹബ്ബിന്റെ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീമതി ദെലീമ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾക്കനുസൃതമായി പ്രത്യേക വ്യവസായങ്ങളുടെ ഹബ്ബുകളാക്കി മാറ്റുവാൻ സാധിക്കുമോയെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പരിശോധിച്ചിട്ടുണ്ട്.<br><br>ഓരോ പ്രദേശത്തിന്റേയും സവിശേഷ സാഹചര്യം ഉൾക്കൊണ്ടുകൊണ്ടാണ് KSIDC, കിൻഫ്ര എന്നീ സ്ഥാപനങ്ങൾ പാർക്കുകൾ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കി വരുന്നത്. |
| (ബി) | ഇതിന്റെയടിസ്ഥാനത്തിൽ ഓട്ടോമോട്ടീവ് ടെക്നോളജി ഹബ്ബ് രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഓട്ടോമോട്ടീവ് മേഖലയിലെ ലോകോത്തര സർവ്വീസ് പ്രൊവൈഡേഴ്സ് ആയ ഡി-സ്പേസ് കേരളത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. BMW- വിന്റെ സർവ്വീസ് പ്രൊവൈഡർ ആയ ആക്സിയ ടെക്നോളജീസിന്റെ ഗ്ലോബൽ സെന്ററും ടാറ്റാ എലക്സിയുടെ ടെക്നോളജി ഡവലപ്മെന്റ് സെന്ററും തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം പ്രമുഖ കമ്പനികൾ ഗവേഷണ - പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിലുള്ള കേന്ദ്രങ്ങൾ ആരംഭിക്കുന്നതിലൂടെ തിരുവനന്തപുരം ഒരു ഓട്ടോമോട്ടീവ് ഹബ്ബ് ആകുന്നതിനുള്ള സാധ്യത കൂടുതലാണ്. |
| (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യതകൾ പരിഗണിച്ച് അന്താരാഷ്ട്ര ബ്രാൻഡുകളിലുള്ള വാഹനങ്ങളുടെ നിർമ്മാണത്തിനായുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി മുൻനിര വാഹന നിർമ്മാതാക്കളുമായി കൂടിയാലോചന നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സർക്കാർ മുൻകൈ എടുക്കുമോ? | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെട്ടുള്ള വ്യവസായ വികസന സാധ്യതകളെക്കുറിച്ച് പരിശോധിച്ച് വരുന്നു. ആഗോളതലത്തിൽ അറിയപ്പെടുന്ന ഓട്ടോമോട്ടീവ് ബ്രാന്റുകൾക്ക് പ്രാപ്തമാകുന്ന ഒരു ഇക്കോസിസ്റ്റം ഉറപ്പാക്കുന്നതിനാൽ തിരുവനന്തപുരത്തെ പ്രവർത്തന കേന്ദ്രമായി തെരഞ്ഞെടുക്കുന്നുണ്ട്. കൂടാതെ ഓട്ടോമോട്ടീവ് രംഗത്തെ സാങ്കേതിക മികവിനുള്ള മുൻനിര ലക്ഷ്യസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ |

| | | | |
|---|---|---|---|
| | | | "കേരള ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റ്" സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ